# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

## 203-ാമത് ബോർഡ് മീറ്റിംഗ്
## മിനിട്ട്സ്

# കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
# തിരുവനന്തപുരം

## 29.08.2017 – ൽ തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ വച്ച് നടത്തിയ 203-ാമത് ബോർഡ് മീറ്റിംഗിന്റെ മിനിട്ട്സ്

ബോർഡ് ചെയർമാൻ ശ്രീ. കെ. സജീവന്റെ അദ്ധ്യക്ഷതയിൽ യോഗം രാവിലെ 11.00 മണിക്ക് ആരംഭിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീമതി വി. വത്സ
   അഡീഷണൽ സെക്രട്ടറി
   പരിസ്ഥിതി വകുപ്പ്
   തിരുവനന്തപുരം

2. ശ്രീമതി വി. ആർ. മിനി
   ജോയിന്റ് സെക്രട്ടറി
   ധനകാര്യ വകുപ്പ്
   തിരുവനന്തപുരം

3. ശ്രീമതി. ജെസ്സി ജോർജ്ജ്
   ഡെപ്യൂട്ടി സെക്രട്ടറി,
   ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
   തിരുവനന്തപുരം

4. ശ്രീ. ജോർജ്ജ് നൈനാൻ
   മാനേജിംഗ് ഡയറക്ടർ,
   ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട് ലിമിറ്റഡ്
   തിരുവനന്തപുരം

5. ശ്രീ. യു.അബൂബക്കർ
   കാളിയത്തേൽ ഹൗസ്
   മലപ്പുറം

6. ശ്രീ. കെ. സി. അബു,
കന്നാൻകര
ചാലുവാരുകണ്ടിൽ ഹൗസ്
കോട്ടാരം റോഡ്, കോഴിക്കോട് - 6

7. ശ്രീ. സാബു മോഹനൻ
സൗപർണ്ണിക
പാലക്കാട്

8. ശ്രീമതി അന്നപൂർണ്ണ ദേവി
പ്രസിഡന്റ്
ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട

9. ശ്രീ. ഐസക്ക് മാടവന
ചെയർമാൻ
ചേർത്തല മുനിസിപ്പാലിറ്റി
ആലപ്പുഴ

10. ശ്രീ. റ്റി. എ. തങ്കപ്പൻ
മെമ്പർ സെക്രട്ടറി (ഇൻ ചാർജ്ജ്)

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും ചെയർമാൻ ഹാർദവമായി സ്വാഗതം ചെയ്തു. 2018 -2019 പ്ലാൻ, നോൺപ്ലാൻ പദ്ധതികൾ 31/08/2017 ന് മുൻപായി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതിനാലാണ് അടിയന്തിരമായി ബോർഡ് കൂടുന്നതിനുള്ള സാഹചര്യമുണ്ടായതെന്ന് ചെയർമാൻ അറിയിക്കുകയുണ്ടായി. കഴിഞ്ഞ ബോർഡ് മീറ്റിംഗിന്റെ മിനിട്ട്സ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിക്കുകയുണ്ടായി.

### അജണ്ട ഇനം - 2

### അവധി അനുവദിക്കൽ

1. ശ്രീ. സി.പ്രകാശ്, പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത്, കുഴൽമന്ദം, പാലക്കാട്
2. ശ്രീ. പി.പി. സുഗതൻ, പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, നിലമ്പൂർ
3. ശ്രീ.പ്രമോദ്, ഡയടക്ടർ, ഫാക്ടറീസ് & ബോയിലർ.
4. ഡോ. നവ്ജോത് ഘോസ IAS മാനേജിംഗ് ഡയടക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നിവർ അവധി അപേക്ഷിച്ചത് അനുവദിച്ചു.

### അജണ്ട ഇനം - 4

202-ാമത് മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ അവലോകനം താഴെ പറയുന്ന പ്രകാരവും കൈകൊണ്ട നടപടികൾ നിരീക്ഷിച്ചു.

**4.1 പ്ലൈവുഡ് ഫർണിച്ചർ അസംബിൾ ചെയ്യുന്ന യൂണിറ്റുകളെ മലിനീകരണ സാധ്യത കുറഞ്ഞ വിഭാഗത്തിൽപ്പെടുത്തി അനുമതി നല്കുന്നതിനുള്ള സർക്കുലർ**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.1)

പ്രസ്തുത വിഷയം സംബന്ധിച്ച് ഇറക്കിയ സർക്കുലർ ബോർഡ് സാധൂകരിച്ചു.

**4.2 ഹൗസ് ബോട്ടുകൾക്ക് അധിക ഫീസ് വസൂലാക്കി പ്രവർത്തനാനുമതി പത്രം പുതുക്കി നൽകുന്നത് സംബന്ധിച്ച്**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.2)

പ്രസ്തുത വിഷയം സംബന്ധിച്ച് ഇറക്കിയ സർക്കുലർ ബോർഡ് സാധൂകരിച്ചു. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണ പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിനു കൈക്കൊണ്ട തീരുമാനങ്ങൾ പാലിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

## 4.3 ദൂരപരിധി ഒഴിവാക്കാനായി CREDAI സമർപ്പിച്ച അപേക്ഷ

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.3)

30/07/2010 ലെ പിസിബി/റ്റി41/15/47 നമ്പർ സർക്കുലർ മുഖേന ഉത്തുംഗ കെട്ടിട (ഫ്ളാറ്റ്) നിർമ്മാണത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനും ഔട്ട്ലെറ്റുകൾക്കും അടുത്ത വീടുകളിലേയ്ക്ക് 10 log Q എന്ന ദൂര പരിധി നിഷ്കർഷിച്ചത് പുനപരിശോധിച്ച് KMBR സെറ്റ്ബാക്കോ മറ്റു സംസ്ഥാനങ്ങളിലെ മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള ദൂരപരിധി നിബന്ധനയോ നടപ്പിലാക്കണമെന്ന CREDAI യുടെ ആവശ്യം ബോർഡ് നിരാകരിച്ചിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ വിവധ ദൂരപരിധിയാണ് നിലവിലുള്ളതെന്നും കൂടാതെ കേരളത്തിലെ ടൗൺ പ്ലാനിംഗ് വകുപ്പ് സെറ്റ് ബാക്കിൽ സീവേജ് പ്ലാന്റ് നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം ബോർഡ് വീണ്ടും പുനപരിശോധിക്കണമെന്ന് CREDAI യുടെ ആവശ്യം ബോർഡ് നീരിക്ഷിക്കുകയും അതിനായി ബോർഡ് ഉദ്യോഗസ്ഥരുടെ ഒരു കമ്മിറ്റി പ്രസ്തുത വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

## 4.4 സംസ്ഥാന മലിനീകരണ നിയന്ത്രണ അവാർഡ് 2017

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.4)

2017 ജൂൺ 6. 7 തീയതികളിൽ ബോർഡ് പരിസ്ഥിതി സംരക്ഷണ അവാർഡ് നൽകിയത് ബോർഡ് നിരീക്ഷിച്ചു. ജൂൺ 8-ാം തീയതി തിരുവനന്തപുരം ജില്ലയിൽ ഹർത്താലായതിനാൽ ബഹു. മുഖ്യമന്ത്രിയുടെ പരിപാടി മാറ്റിവച്ചതും പ്രസ്തുത പരിപാടി നടത്തുന്നതിന് മുഖ്യമന്ത്രി

യുടെ ഓഫീസുമായി ബന്ധപ്പെട്ട് സമയം ആവശ്യപ്പെട്ടതും ബോർഡ് നിരീക്ഷിച്ചു.

**4.5 ഹരിതവിദ്യാലയ പുരസ്കാരം 2017**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.5)

ഈ അദ്ധ്യയനവർഷം മുതൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുറച്ചുകൂടി മുൻകൂട്ടി നടപ്പിലാക്കുന്നതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**4.6 സംസ്ഥാന സർക്കാരിന്റെ 'ഹരിത കേരളം' പദ്ധതിയുടെ ഭാഗമായി 'ഹരിത കേരള പുരസ്കാരം' നൽകുന്നത് - സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ട ഇനം 5.6)

ബോർഡ് ജീവനക്കാരിൽ മാത്രമായി ഹരിതകേരള പുരസ്ക്കാരം പദ്ധതി നടപ്പിലാക്കി വരുന്നത് തുടർ വർഷങ്ങളിൽ മറ്റു സർക്കാർ സ്ഥാപനങ്ങളെകൂടി ഉൾപ്പെടുത്തി വിപുലമായി നടത്തുന്നതിനായി എടുത്ത തീരുമാനത്തിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.7 സർവ്വയലൻസ് വാനും പോർട്ടബിൾ ജല-വായു പരിശോധന കിറ്റുകളും വാങ്ങുന്നത് സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.7)

2017-18 സാമ്പത്തിക വർഷം മൂന്ന് സർവ്വയലൻസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി വാഹനവും പരിശോധനാ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.8 റെഡ്, ഓറഞ്ച് കാറ്റഗറികളിലെ വൻകിട വ്യവസായങ്ങൾക്ക് തത്സമയ പരിശോധനാ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.8)

100 KLD ൽ കൂടുതൽ ജലം ഉപയോഗിക്കുന്ന റെഡ് കാറ്റഗറിയിൽപ്പെടുന്ന ആശുപത്രികളിൽ കൂടി തത്സമയ പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് നിരിക്ഷിച്ചു. 100 KLD യിൽ കൂടുതൽ ജലം ഉപയോഗിക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിൽ ഈ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചും തുടർ നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.9 വടക്കഞ്ചേരി - തൃശ്ശൂർ നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് വാടകസ്ഥലത്ത് (ലീസ്ഡ് ലാന്റിൽ) ക്രഷർ - സ്ഥാപിക്കുന്നത് സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.9)

ഹൈവേ നിർമ്മണവുമായി ബന്ധപ്പെട്ട് താല്ക്കാലികമായി ക്രഷർ മെഷീൻ ഇൻബിൽറ്റ് നിയന്ത്രണ സംവിധാനങ്ങളോടുകൂടിയും അനുബന്ധ നിയന്ത്രണ സംവിധാനങ്ങളിൽ കർശന നിബന്ധനകളോടും കൂടി വാടക സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള അനുമതികൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.10 ഇൻഡ്യൻ നേവൽ അക്കാദമി, ഏഴിമലയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനാനുമതി അപേക്ഷ പരിഗണിക്കുന്നതു സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.10)

ഏഴിമല നാവിക അക്കാദമി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഡിഫെൻസ് ഓർഗനൈസേഷൻ എന്നതു കണക്കിലെടുത്ത് 90% ഫീസിളവ് അനുവദിക്കാൻ ബോർഡ് കൈക്കൊണ്ട തീരുമാനത്തിൻമേൽ തുടർ നടപടി സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.11 മലബാർ അഗ്രഗേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, മലപ്പുറം - ന്റെ സ്റ്റോൺ ക്രഷർ ലൊക്കേഷൻ മാറ്റുന്നതു സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.11)

കോഴിക്കോട് മേഖല ചീഫ് എൻവയൺമെന്റൽ എഞ്ചിനീയർ ഈ വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത് നിരീക്ഷിച്ചു.

**4.12 01-07 2017 മുതൽ ജി.എസ്.റ്റി നടപ്പിലാക്കിയതിനാൽ വാട്ടർ സെസ്സ് ശേഖരണം നിർത്തുന്നതിനായ കേന്ദ്ര സർക്കാർ ഉത്തരവ് സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 5.12)

വാട്ടർ സെസ്സ് നിർത്തുന്നതോടെ ബോർഡിനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനും ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും കേന്ദ്ര മന്ത്രാലയത്തോട് ആവശ്യപ്പെടുന്നതിനും ജി.എസ്റ്റി വഴി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വിഹിതത്തിൽ സെസ്സ് സംബന്ധമായ തുക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിൽ നിന്ന് ബോർഡിന് ടി വിഹിതം ലഭിക്കുന്നതിന് ടാക്സസ് ഡിപ്പാർട്ട്മെന്റിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.13 കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സയന്റിഫിക് വിഭാഗത്തിലെ എ ഐ സി ഡിപ്ലോമക്കാരെ പ്രമോഷന് പരിഗണിക്കുന്നത് സംബന്ധിച്ച ശുപാർശ.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.1)

ബഹു. ഹൈക്കോടതി ഉത്തരവിൽ ബോർഡിന്റെ സ്റ്റാന്റിംഗ് കൗൺസലിൽ നിന്നും നിയമോപദേശം വാങ്ങാമെന്നതിന്മേലുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.14 ചീഫ് എൻവയോൺമെന്റൽ സയന്റിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.2)

ഇതിന്മേൽ തുടർ നടപടി സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.15 ബോർഡിൽ ദിവസ വേതന ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് നൽകിയ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.3)

ഇതിന്മേൽ നടപടി സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.16 ബോർഡിന്റെ മേഖലാ/ജില്ലാ കാര്യാലയങ്ങളുടെ വാടക വർദ്ധിപ്പിക്കുന്നതിനായുള്ള ശുപാർശ.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.4)

ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.17 ഇടുക്കിജില്ലാ ഓഫീസ് കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചത് സാധൂകരിക്കുന്നത് - സംബന്ധിച്ച്.**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.5)

ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.18 50 കോടി രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച്**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.6)

ഇതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നത് നിരീക്ഷിച്ചു.

**4.19 29.06.2017 ൽ കൂടിയ ഡിപ്പാർട്ട്മെന്റൽ പ്രമോഷൻ കമ്മിറ്റി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്**

(202-ാം നമ്പർ ബോർഡ് മീറ്റിംഗിന്റെ അജണ്ടാ ഇനം, 6.7)

സെലക്ട് ലിസ്റ്റിൽ നിന്നും പ്രമോഷൻ നൽകിയ നടപടി ബോർഡ് സാധൂകരിച്ചു.

## സാങ്കേതിക ഇനം

### അജണ്ട ഇനം - 5

5.1 **ക്വാറികളെ സംബന്ധിച്ച കേരള സർക്കാരിന്റെ 22/06/2017-ലെ ജി.ഒ. (പി) നം. 25/2017 സംബന്ധിച്ച്**

ബോർഡിന്റെ 13/06/2007-ലെ പിസിബി/റ്റിഎസി/ഡബ്യൂപി/ 236/2006- ലെ സർക്കുലർ പ്രകാരം പുതിയ ക്വാറികൾക്ക് പ്രവർത്തനാനുമതി/സ്ഥാപനാനുമതി ലഭിക്കുന്നതിനായുള്ള ദൂരപരിധി വീടുകൾ, ആരാധനാലയം, പൊതുകെട്ടിടങ്ങൾ, പൊതു റോഡ്, പുഴ, തടാകം, റെയിൽവേ ലൈൻ, പാലം എന്നിവയിൽ നിന്നും 100 മീറ്റർ ആണ്. ബോർഡിന്റെ 06/08/2014-ലെ പിസിബി/എച്ച്ഒ/സർക്കുലർ/2014 നമ്പർ പ്രകാരം 01/07/2011-ൽ നിലവിൽ 50 മീറ്റർ ദൂരപരിധിയിലുള്ള ബോർഡിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന പാറമടകൾ (ബോർഡിന്റെ അനുമതി പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളവ) 01/07/2011-ന് മുമ്പായി ബോർഡിൽ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ച് അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാത്ത പാറമടകൾ എന്നിവയ്ക്ക് മാത്രമായി നിബന്ധനകൾക്ക് വിധേയമായി 50 മീറ്റർ ദൂരപരിധിയും പുതിയവയ്ക്ക് 100 മീറ്റർ ദൂരപരിധിയായും വീണ്ടും അംഗീകരിക്കുക

യുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ ദൂരപരിധിയുടെ കാര്യത്തിൽ പലതരത്തിലുള്ള നിലപാടുകളാണ് തുട രുന്നതെന്നതിനാൽ സർക്കാർ ഈ വിഷയത്തിൽ ഒരു ഏകീകൃത നില പാട് സ്വീകരിക്കണമെന്ന ഉദ്ദേശത്തോടെ ഈ വിഷയം ക്യാബിനറ്റിൽ ചർച്ചചെയ്ത് 50 മീറ്റർ ദൂരപരിധി എന്ന് നിശ്ചയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 22/06/2017-ലെ കേരള സർക്കാരിന്റെ ജി. ഒ. (പി) നം. 25/2017 പ്രകാരം ക്വാറികൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള ദൂരപരിധി 50 മീറ്റർ ആക്കി വ്യവസായ വകുപ്പ് ഉത്തരവ് പുറപ്പെടുവി ച്ചു. വ്യവസായ വകുപ്പിന്റെ ടി നോട്ടിഫിക്കേഷൻ കണക്കിലെടുത്ത് മൈനിംഗ് & ജിയോളജി വകുപ്പും ജില്ലാ എൻവയൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റിയും (DEIAA) 50 മീറ്റർ ദൂരപരിധി മാന ദണ്ഡം മുൻനിർത്തി എൻവയൺമെന്റൽ ക്ലിയറൻസ് നൽകി തുടങ്ങി യിരിക്കുന്നു. നിലവിൽ ഈ കാര്യാലയത്തിൽ ക്വാറികളുമായി ബന്ധ പ്പെട്ട അന്തരീക്ഷ/ശബ്ദ മലിനീകരണത്തിനെതിരെ നിരവധി പരാ തികൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 01/07/2011-ന് ശേഷം പ്രവർത്തനാനുമതി/സ്ഥാപനാനുമതിയ്ക്ക് പുതിയതായി അപേക്ഷ സമർപ്പിച്ച ക്വാറികൾക്ക് സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരമുള്ള 50 മീറ്റർ ദൂരപരിധി നിർണ്ണയിച്ച് എൻവ യൺമെന്റൽ ക്ലിയറൻസ് ലഭിച്ചിരിക്കെ ബോർഡിന്റെ നിലവിലെ ദൂരപ രിധി മാനദണ്ഡം 100 മീറ്റർ ആയതിനാൽ പ്രസ്തുത ക്വാറികൾക്ക് പ്രവർത്തനാനുമതി/സ്ഥാപനാനുമതി അനുവദിക്കുവാൻ സാധിക്കുന്ന തല്ല. പരിസ്ഥിതി വകുപ്പിന്റെതന്നെ കീഴിലുള്ള എൻവയൺമെന്റ് ഇംപാക്ട് അസെസ്മെന്റ് അതോറിറ്റി 50 മീറ്റർ ദൂരപരിധി നിശ്ചയിച്ച്

എൻവയൺമെന്റൽ ക്ലിയറൻസ് നൽകുന്നതിനാൽ ബോർഡിന്റെ അനുമതിപത്രം നൽകുന്നതിനായി വേറിട്ട ദൂരപരിധി നൽകുന്നത് ഉചിതമല്ലായെന്നും സർക്കാറിന്റെ ഉത്തരവ് അംഗീകരിച്ച് 50 മീറ്റർ ദൂരപരിധി ബോർഡിലും നിശ്ചയിക്കാമെന്നും പൊതുവായ അഭിപ്രായംഉണ്ടായി. എന്നാൽ പരിസ്ഥിതി-വ്യവസായ വകുപ്പു സെക്രട്ടറിമാരുടെ മീറ്റിംഗിൽ ഈ വിഷയത്തിൽ ഒരു ചർച്ച നടന്നതായും എന്തെങ്കിലും പുതിയ തീരുമാനം ഉണ്ടായിട്ടുണ്ടോ എന്നത് അറിയുവാൻ സാധിച്ചിട്ടില്ല എന്നും അതുകൊണ്ട് അതുകൂടി കണക്കിലെടുത്തുവേണം തീരുമാനിക്കേണ്ടതെന്നും പരിസ്ഥിതി വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. അതുകൊണ്ട് പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുമായി അഭിപ്രായം കൂടി പരിഗണിച്ച് തീരുമാനത്തിൽ എത്താൻ ധാരണയായി.

(അന്നേദിവസം ഉച്ചകഴിഞ്ഞ് ബോർഡ് ചെയർമാനും മെമ്പർ സെക്രട്ടറിയും പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ കണ്ട് ഈ വിഷയം ചർച്ചചെയ്തു. സർക്കാർ ഉത്തരവിനനുകൂലമായ തീരുമാനം എടുക്കുന്നതായിരിക്കും ഉചിതമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ പൊതുചർച്ചയിൽ ധാരണയായ 50 മീറ്റർ ദൂരപരിധി ബോർഡിലും തീരുമാനിച്ചു.)

**5.2 ബോർഡിന്റെസ്ഥാപനാനുമതി/പ്രവർത്തനാനുമതിയുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്**

നിലവിൽ ബോർഡ് നൽകിവരുന്ന സ്ഥാപനാനുമതിയുടെയും പ്രവർത്തനാനുമതിയുടെയും കാലാവധി മൂന്ന്, ആറ്, ഒൻപതുവർഷ

മാണ്. എന്നാൽ ഇപ്പോൾ ദേശീയതലത്തിൽ അനുമതിപത്രങ്ങളുടെ കാലാവധി 5, 10, 15 വർഷമായി ഉയർത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ കേരള ബോർഡ് നൽകിവരുന്ന അനുമതിയുടെയും കാലാവധി ചുവപ്പ്, ഓറഞ്ച്, പച്ച കാറ്റഗറിയിലുള്ള എല്ലാ യൂണിറ്റുകൾക്കും 5, 10, 15 വർഷം എന്നിങ്ങനെ ഉയർത്തേണ്ടിയിരിക്കുന്നു. സർക്കാരിന്റെ Ease of Doing Bussines പദ്ധതി അനുസരിച്ചും കാലാവധി ഈ രീതിയിൽ കൂട്ടി നൽകണമെന്ന് വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അനുമതിയുടെ കാലാവധി നീട്ടികൊടുക്കുമ്പോൾ സ്ഥാപനങ്ങൾ അനുമതിപത്രത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത വിലയിരുത്താനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ബോർഡ് ജീവനക്കാർക്ക് സഹായകമാകും. ആകയാൽ ബോർഡ് നൽകിവരുന്ന അനുമതിയുടെ കാലാവധി ചുവപ്പ്, ഓറഞ്ച്, പച്ച കാറ്റഗറിയിലുള്ള എല്ലാ യൂണിറ്റുകൾക്കും ഒരു കാലാവധി അഞ്ചു വർഷമെന്നു കണക്കാക്കി 5, 10, 15 വർഷങ്ങൾ എന്നിങ്ങനെ ഉയർത്തി സ്ഥാപന ഉടമകളുടെ ആവശ്യപ്രകാരം ഒരു ടേം രണ്ടു ടേം മൂന്നു ടേം എന്നീ കാലാവധികളോടെ അനുമതി പത്രം നൽകുവാൻ തീരുമാനിച്ചു.

**5.3 അനുമതിപത്രത്തിലെ നിബന്ധനകളിന്മേലുള്ള പരിശോധന സംബന്ധിച്ച്**

സ്ഥാപനങ്ങൾക്ക് ബോർഡ് നൽകുന്ന അനുമതി പത്രത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി

Third party auditing ദേശീയ തലത്തിൽ നടത്തുവാൻ തീരുമാനിക്കുക യുണ്ടായി. കേരള സർക്കാറിന്റെ Ease of Doing bussines പദ്ധതിയിലും ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്. ദേശീയതലത്തിൽ ആദ്യ ഘട്ടമായി മീഡിയം ഓറഞ്ച് കാറ്റഗറിയിലുള്ള സ്ഥാപനങ്ങൾ പരിശോധിക്കുന്ന തിന് third party agency-കളെ നിബന്ധനകൾക്കു വിധേയമായി മറ്റു ബോർഡുകൾ നടപ്പിലാക്കി തുടങ്ങി. ഈ സാഹചര്യത്തിൽ കേരളാ ബോർഡും ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള സർക്കാറിന്റെ കീഴിലുള്ള NIIST എന്ന റിസർച്ച് സ്ഥാപന വുമായി ഈ വിഷയത്തിൽ ആമുഖ ചർച്ച നടത്തിയതായി ചെയർമാൻ അറിയിച്ചു. മറ്റുബോർഡുകളിൽ നടപ്പിലാക്കിയതിനു സമാനമായി ഇതുമായി ബന്ധപ്പെട്ട നിബന്ധനകൾ ഉണ്ടാക്കുന്നതിനും പരിശോധന ഫീസ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വിവിധ സ്ഥാപനങ്ങളുമായി ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതിനും ചെയർമാനെ ചുമതലപ്പെടു ത്തി.

**5.4 ബോർഡിന്റെ അനുമതിനേടിയ സ്ഥാപനങ്ങളിൽ പരിശോധിക്കു ന്നതിന്റെയും പാഴ്ജലം/ പാഴ്വായു / അന്തരീക്ഷ വായുവിന്റെ സാമ്പിളുകൾ ശേഖരിക്കുന്നതിന്റെയും കുറഞ്ഞ സമയക്രമം നിശ്ചയിക്കുന്നത് സംബന്ധിച്ച്**

സ്ഥാപനങ്ങൾക്ക് നൽകിവരുന്ന അനുമതി പത്രങ്ങളിൽ നിഷ്കർഷി ച്ചിട്ടുള്ള നിബന്ധനകളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തു ന്നതിനാവശ്യമായ പരിശോധനകൾ നടത്തുന്നതും ജല/വായു/ അന്തരീക്ഷ വായു ഗുണനിലവാരം തിട്ടപ്പെടുത്തുന്നതുമാണ് ബോർഡിന്റെ പ്രധാന ചുമ തലകൾ. സ്ഥാപനങ്ങളെ മലിനീകരണ തോതിന്റെയും (ചുവപ്പ്/

ഓറഞ്ച്/പച്ച) കമ്പനിയുടെ മൂലധനത്തിന്റെയും (വലുത്/ ഇടത്തരം/ ചെറുത്) അടിസ്ഥാനത്തിൽ പരിശോധനയ്ക്കും സാമ്പിൾ ശേഖരണത്തിനുമായി സമയക്രമം നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി അനുമതി പത്രത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്നും ജല/വായു/ അന്തരീക്ഷ വായു ഗുണനിലവാരം നിയമാനുസൃതമായ പരിധിക്കുള്ളിലാണോ എന്ന് ഉറപ്പുവരുത്തേണ്ടതും അത്യന്താപേക്ഷിതമാണ്. ഇവയെല്ലാം പരിഗണിച്ച് വിവിധ കാറ്റഗറിയിലുള്ള സ്ഥാപനങ്ങളിൽ പരിശോധിക്കുന്നതിനും പാഴ്ജല/വായു/ അന്തരീക്ഷ വായു സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനുമുള്ള സമയക്രമം ബോർഡ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം അംഗീകരിക്കുകയുണ്ടായി. പരിശോധന സംബന്ധിച്ച മാർഗ്ഗ രേഖ ഉണ്ടാക്കുന്നതിനും ഉചിതമായ പരിശോധനാ ഫീസ്സ് നിശ്ചയിക്കുന്നതിനും ചെയർമാനെ ചുമതലപ്പെടുത്തി.

**A. സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ സമയക്രമം**

| കാറ്റഗറി | സമയക്രമം | | |
|---|---|---|---|
| | വലുത് | ഇടനില | ചെറുത് |
| ചുവപ്പ് | മാസത്തിലൊരിക്കൽ (once in a month) | മൂന്നു മാസത്തിലൊരിക്കൽ (once in three months) | ആറു മാസത്തിലൊരിക്കൽ (once in six months) |
| ഓറഞ്ച് | 3 മാസത്തിലൊരിക്കൽ (once in three months) | 6 മാസത്തിലൊരിക്കൽ (once in six months) | ഒരു വർഷത്തിലൊരിക്കൽ (once in a year) |
| പച്ച | ആറു മാസത്തിലൊരിക്കൽ (once in six months) | ഒരു വർഷത്തിലൊരിക്കൽ once in a year) | രണ്ടു വർഷത്തിലൊരിക്കൽ (once in two years) |

**B1.** **സ്ഥാപനങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കുന്നതിന് നിശ്ചയിച്ചിയിരിക്കുന്ന കുറഞ്ഞ സമയക്രമം**

| കാറ്റഗറി | സമയക്രമം | | | | | |
|---|---|---|---|---|---|---|
| | വലുത് | | ഇടനില | | ചെറുത് | |
| | പാഴ്ജലം | പാഴ്/അന്തരീക്ഷവായു | പാഴ്ജല സാമ്പിൾ | പാഴ്/ അന്തരീക്ഷവായു | പാഴ്ജലം | പാഴ്/ അന്തരീക്ഷവായു |
| ചുവപ്പ് | ഒരു മാസത്തിലൊരിക്കൽ (once in a month) | മൂന്നു മാസത്തിലൊരിക്കൽ (once in three months) | മൂന്നു മാസത്തിലൊരിക്കൽ (once in three months ) | ആറു മാസത്തിലൊരിക്കൽ (once in six months ) | ആറു മാസത്തിലൊരിക്കൽ (once in six months ) | ഒരു വർഷത്തിലൊരിക്കൽ (once in a year) |
| ഓറഞ്ച് | മൂന്നു മാസത്തിലൊരിക്കൽ (once in a month) | മൂന്നുമാസത്തിലൊരിക്കൽ (once in three months) | ആറു മാസത്തിലൊരിക്കൽ (once in six months) | ആറു മാസത്തിലൊരിക്കൽ (once in six months) | ഒരു വർഷത്തിലൊരിക്കൽ (once in a year) | ഒരു വർഷത്തിലൊരിക്കൽ (once in a year) |
| പച്ച | രണ്ടു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in two years) | രണ്ടു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in two years) | രണ്ടു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in two years) | രണ്ടു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in two years) | മൂന്നു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in three years) | മൂന്നു വർഷത്തിലൊരിക്കലെങ്കിലും കുറഞ്ഞത് (once in three years) |

**B2.** 17 കാറ്റഗറിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ മാസത്തിലൊരിക്കൽ പരിശോധിക്കണം

**B3.** **പാഴ്ജല സാമ്പിൾ ശേഖരണം സംബന്ധിച്ച്**

എല്ലാ ജില്ലാ ഓഫീസുകളും മാസത്തിൽ കുറഞ്ഞത് 20 പാഴ്ജല സാമ്പിളുകൾ ശേഖരിക്കേണ്ടതും ഇതിൽ 5 സാമ്പിളുകൾ ചുവന്ന കാറ്റഗറിയിലുള്ള വ്യവസായ ശാലകൾ/മറ്റു സ്ഥാപനങ്ങളിൽ നിന്നായിരിക്കണം.

**B4. പാഴ്വായു സാമ്പിൾ ശേഖരണം സംബന്ധിച്ച്**

എല്ലാ ജില്ലാ ഓഫീസുകളും മാസത്തിൽ ഒരിക്കൽ കുറഞ്ഞത് 10 ചിമ്മിനികളോ അന്തരീക്ഷ വായു ഗുണനിലവാര നിർണ്ണയമോ ചെയ്യേണ്ടതാണ്. ഇതിൽ 4 സാമ്പിളുകൾ ചുവന്ന കാറ്റഗറി ചിമ്മിനികളിൽ കൂടിയുള്ള പാഴ് വായുവിന്റെതായിരിക്കണം. ക്രഷറുകൾക്ക് ശബ്ദത്തിന്റെ തോതും തിട്ടപ്പെടുത്തേണ്ടതാണ്.

5.5 ബഡ്ജറ്റ് 2017-18

2018-19 സാമ്പത്തിക വർഷത്തെ കരട് പദ്ധതി / പദ്ധതിയേതര ബഡ്ജറ്റും 2017-18 വർഷത്തെ പുതുക്കിയ പദ്ധതി പദ്ധതിയേതര ബഡ്ജറ്റും അംഗീകാരത്തിനായി സമർപ്പിച്ചത് അംഗീകരിച്ചു.

2017 - 18 വർഷത്തിൽ പദ്ധതി / പദ്ധതിയേതര ഇനങ്ങളിൽ യഥാക്രമം 1111 ലക്ഷം രൂപയും 86.66 ലക്ഷം രൂപയും സർക്കാർ ബോർഡിന് ഗ്രാന്റായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ജൂലൈ മാസം 31 വരെ പദ്ധതി / പദ്ധതിയേതര ഇനങ്ങളിൽ യഥാക്രമം 1,17,54,763/- രൂപയും 9,36,16,814/- രൂപയും ചെലവായി. ആയതിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി / പദ്ധതിയേതര ഇനങ്ങൾക്ക് 11,11,00,000/- രൂപയുടേയും 72,61,00,000/- രൂപയുടേയും പുതുക്കിയ ബഡ്ജറ്റും എസ്റ്റിമേറ്റും 2018-19 വർഷത്തെ പദ്ധതി / പദ്ധതിയേതര ഇനങ്ങൾക്ക് യഥാക്രമം 18,38,00,000/- രൂപയുടേയും 83,80,50,000/- രൂപയുടേയും ബഡ്ജറ്റും എസ്റ്റിമേറ്റും (അനുബന്ധം 1) ബോർഡ് വിശദമായ ചർച്ചകൾക്കുശേഷം അംഗീകരിച്ചു..

ബോർഡിന്റെ നടപ്പു സാമ്പത്തിക വർഷത്തെ പ്രതീക്ഷിത തനത് വരുമാനം 76,27,26,000/- രൂപയാണ്.

| | | | | | |
|---|---|---|---|---|---|
| 1 | BPCL - KOCHI REFINERY AMBALAMUGAL, KOCHI | Very Large Scale Industries | PRASAD K. PANICKER, Dawien Grashier EXECUTIVE DIRECTOR | 0484-2821304, 9447465700 | mathewpthomas@bharatpetroleum.in |
| 2 | ASTER MEDICITY, SOUTH CHITTOOR, CHERANALLOOR, KOCHI-682027, KERALA, TVM | HOSPITAL | SANTY SAJAN (CHIEF OPERATING OFFICER) | 0484-6699999, 9656900750 | santy.sajan@asterhospital.com |
| 3 | PRS HOSPITAL PRIVATE LIMITED KILLIPALAM KARAMANA P.O TRIVANDRUM-695002 | HOSPITAL | R. MURUGAN CHAIRMAN & MANAGING DIRECTOR | 0471 2344443, 09995066088, 09846392777 | smahadevan@hotmail.com admin@prshospital.com |
| 4 | Hindustan Insecticides Limited,Methanam Rd, Verapoli, Eloor, Ernakulam | Pesticide Industry | M. S. Anil Unit Head | 9446045121 0484 254 5122 | hiludl@dataone.i |
| 5 | ERCMPU LTD. (MILMA), ERNAKULAM DAIRY, TRIPUNITHURA | Dairy | VARGHESE V. AREECKAL | 0484 2780103, 9447078010 | ernakulamdairy@yahoo.co.in |
| 6 | THE FERTILISERS AND CHEMICALS TRAVANCORE LTD, UDYOGAMANDAL COMPLEX - FERTILISER PLANTS, UDYOGAMANDAL P.O., ERNAKULAM-683501 | INDUSTRY | JOSE KURIAN, GENERAL MANAGER | 0484-2567735, 9567428020 | thomaskc@factltd.com |
| 7 | AMRITA INSTITUTE OF MEDICAL SCIENCES AND RESEARCH CENTRE AIMS PONEKKARA P.O, KOCHI -41 | Medical College /Autonomous Hospital | Rajappan V, Rajesh R R | 0484 4006151 0484 4005719 9846505593 | prem@aims.amrita.edu vrajappan@aims.amrita.edu |
| 8 | MRF LIMITED, P.B. NO. 02, VADAVATHOOR, KOTTAYAM | Very Large Scale Industries | Mr. SAJI VARGHESE, N N Krishnan | 0481 2570461, 9656229331 | saji.varghese@mrfmail.com |
| 9 | RAJAGIRI HOSPITAL, CHUNANGAMVELI, ALUVA- 683112 | HOSPITAL-PVT- >=500 beds | Fr. Sijo George, Vinod Kumar. | 0484-6655000, 9895497262, 9447043544 | ed@rajagirihospital.com, joykilikunnel@gmail.com |
| 10 | Poabs Crusher, Coarse granite pvt. Ltd.,Kuthirakulam,tvm | Crusher Industry | Sri K.A. Abraham | 0471-2366622 9447016751 | mail@poabs.com |

Udayan, Legal Advisor